**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2040** **14-10-2024 - ൽ മറുപടിയ്ക്ക്**

**പോലീസ് ടെലികമ്മ്യൂണിക്കേഷൻ വിഭാഗത്തിലെ ഉദ്യോഗസ്ഥർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കേരള പോലീസിൽ പി.എസ്.സി.യുടെ പ്രത്യേക നോട്ടിഫിക്കേഷൻ വഴി നിയമിതരായ പോലീസ് ടെലികമ്മ്യൂണിക്കേഷൻ ഉദ്യോഗസ്ഥരെ സൈബർ പോലീസ് സ്റ്റേഷനിലേക്ക് മാറ്റി നിയോഗിച്ചിട്ടുണ്ടോ; | (എ) | അനുദിനം വികസിച്ചു വരുന്ന വിവര സാങ്കേതിക വിദ്യയ്ക്കൊപ്പം, അവ ദുരുപയോഗം ചെയ്തുള്ള സാമ്പത്തിക തട്ടിപ്പുകളും സൈബർ കുറ്റകൃത്യങ്ങളും രാജ്യത്ത് ക്രമാതീതമായി വർദ്ധിക്കുന്നുണ്ട്. അത്തരം കുറ്റകൃത്യങ്ങൾക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുന്നതിന് 05.01.2024 ലെ സ.ഉ (കൈ) നം. 04/2024/ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാനത്ത് സൈബർ പോലീസ് ഡിവിഷൻ രൂപീകരിച്ചു.<br><br>പ്രസ്തുത വിഭാഗത്തിൽ മറ്റ് തസ്തികകൾക്കൊപ്പം ടെലികമ്മ്യൂണിക്കേഷൻ കേഡറിലെ 261 തസ്തികകളും പുനർവിന്യസിച്ചിട്ടുണ്ട്.സൈബർ സ്പെയ്സിലെ ആധുനിക വെല്ലുവിളികളെ നേരിടുന്നതിന് ടെലി കമ്മ്യൂണിക്കേഷൻ വിഭാഗത്തിലെ പോലീസ് ഉദ്യോഗസ്ഥരുടെ സാങ്കേതിക ശേഷിയുടെ ആവശ്യകത പരിഗണിച്ചാണ് പുനർവിന്യാസം നടത്തിയിട്ടുള്ളത്. സൈബർ കേസുകളിൽ പരിജ്ഞാനം നൽകുന്നതിന് സമഗ്രമായ പരിശീലനം നൽകുകയും അത്തരം പരിശീലനത്തിലെ പരീക്ഷകളിൽ ഉയർന്ന മാർക്ക് നേടിയവരെയുമാണ് പുനർ വിന്യസിച്ച തസ്തികകളിൽ നിയമിച്ചിട്ടുള്ളത്. ടെലികമ്മ്യൂണിക്കേഷൻ കേഡറിലെ ഉദ്യോഗസ്ഥർക്ക് ബാധകമായ സ്പെഷ്യൽ റൂൾസും ആനുകൂല്യങ്ങളും നിലനിർത്തിക്കൊണ്ടാണ് വിന്യസിച്ചിട്ടുള്ളത്. ടെലികമ്മ്യൂണിക്കേഷൻ വിഭാഗത്തിലെ ഉദ്യോഗസ്ഥർ ഇപ്പോഴും അവരുടെ കേഡറിൽ തന്നെ ജോലി ചെയ്യുന്നു. കാലോചിതവും പൊതുജനോപകാരപ്രദമായുമാണ് തസ്തികകൾ പുനർനിർണ്ണയിച്ചത്. |
| (ബി) | ഉണ്ടെങ്കിൽ സംസ്ഥാനത്താകെ എത്ര ഉദ്യോഗസ്ഥരെ ഇത്തരത്തിൽ നിയമിച്ചിട്ടുണ്ട്; | (ബി) | (എ) യിൽ ചേർത്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | ഇത്തരത്തിൽ നിയമിച്ചവരെ എത്രകാലത്തേക്കാണ് നിയമിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | | |
| (സി) | പോലീസ് ടെലികമ്മ്യൂണിക്കേഷൻ വിഭാഗത്തിലേക്ക് മാത്രമായി പി.എസ്.സി. വഴി നിയമിതരായവരെ സിവിൽ വിഭാഗത്തിലുള്ള സൈബർ ക്രൈം പോലീസ് സ്റ്റേഷനിലേക്ക് മാറ്റിയിരിക്കുന്നത് സർവീസ് ചട്ടങ്ങൾ അനുസരിച്ചാണോ എന്ന് വ്യക്തമാക്കാമോ; | (സി) | (എ) യിൽ ചേർത്തിട്ടുണ്ട്. |
| (ഡി) | ഇപ്രകാരം നിയോഗിച്ചപ്പോൾ ഇവരുടെ സമ്മതപത്രം വാങ്ങിയിരുന്നോ; ഇല്ലെങ്കിൽ ഏതു മാനദണ്ഡം വെച്ചാണ് എന്ന് വ്യക്തമാക്കാമോ; | (ഡി) | (എ) യിൽ ചേർത്തിട്ടുണ്ട്. |
| (ഇ) | ഇപ്രകാരം നിയമിതരായവർ കോടതിയെ സമീപിച്ചിട്ടുണ്ടോ; എങ്കിൽ എന്തു നിലപാടാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | (ഇ) | ചിലർ ബഹു.കോടതിയെ സമീപിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.ആയത് ബഹു.കോടതിയുടെ പരിഗണനയിലാണ്. |
| (എഫ്) | പോലീസ് ടെലികമ്മ്യൂണിക്കേഷൻ വിഭാഗം മാത്രം ജോലി ചെയ്തിരുന്ന വി.എച്ച്.എഫ്. കൺട്രോൾ, സ്പെഷ്യൽ കൺട്രോൾ, സി.ഓ.ബി., സി.സി.ടി.വി., ഇ.ആർ.എസ്.എസ്., എ.എൻ.പി. ആർ. ക്യാമറ, എന്നിവയുടെ നടത്തിപ്പും പരിപാലനവും യാതൊരു മുൻ പരിചയവുമില്ലാത്ത പൊതു വിഭാഗത്തിലെ സേനാംഗങ്ങൾ ആണ് ഇപ്പോൾ ചെയ്തുവരുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എഫ്) | ഇത്തരം ഡ്യൂട്ടികൾ ചെയ്യാൻ ടെലികമ്മ്യൂണിക്കേഷൻ വിഭാഗത്തിലെ പോലീസ് ഉദ്യോഗസ്ഥർ നിലവിലുണ്ട്. |
| (ജി) | വാർത്താവിനിമയ ഉപകരണങ്ങൾ അടക്കമുള്ള ഇലക്ട്രോണിക്/ഇലക്ട്രിക്കൽ ഉപകരണങ്ങൾ സ്ഥാപിക്കൽ കേടുപാടുകൾ തീർക്കൽ പരിപാലനം എന്നിങ്ങനെയുള്ള ജോലികളാണ് ടെലികമ്യൂണിക്കേഷൻ വിഭാഗം നിർവഹിക്കുന്നത്. എന്നാൽ സൈബർ ക്രൈം പോലീസ് സ്റ്റേഷൻ അടക്കമുള്ള സൈബർ വിഷയങ്ങളുമായി ബന്ധപ്പെട്ട യൂണിറ്റുകൾ ക്രമസമാധാന പരിപാലനത്തിന്റെ ഭാഗമായുള്ള കുറ്റന്വേഷണവും പരാതി പരിഹരിക്കലും അനുബന്ധ ജോലികളുമാണ് ചെയ്തുവരുന്നത്. ഇത്തരം ജോലികൾ ടെലികമ്യൂണിക്കേഷൻ വിഭാഗത്തിന്റെ പരിധിയിൽ വരുന്നതല്ലെന്നിരിക്കെ ആയതിന് വിപരീതമായ നടപടികൾ സ്വീകരിച്ചിട്ടുള്ളതിന് കാരണം വ്യക്തമാക്കാമോ ? | (ജി) | സൈബർ അന്വേഷണത്തിനും പ്രതിരോധത്തിനും സാങ്കേതിക കഴിവുകൾ ആവശ്യമാണ്. സാങ്കേതിക അറിവുള്ള ടെലികമ്മ്യൂണിക്കേഷൻ ജീവനക്കാർക്ക് അവരുടെ യോഗ്യതയുടെ അടിസ്ഥാനത്തിൽ മികച്ച സഹായം പ്രദാനം ചെയ്യാൻ സാധിക്കും .ആയതിനാൽ ടെലികമ്മ്യൂണിക്കേഷൻ കേഡറിലെ ഏതാനും തസ്തികകൾ സൈബർ ഡിവിഷനിൽ പുനർവിന്യസിച്ചിട്ടുണ്ട്. സാങ്കേതിക മികവുള്ള പോലീസ് ഉദ്യോഗസ്ഥരും , അന്വേഷണ പ്രാഗല്ഭ്യമുള്ള സിവിൽ പോലീസ് ഉദ്യോഗസ്ഥരും ചേർന്ന് പ്രൊഫഷണൽ ആയ ഒരു സംവിധാനമാണ് സൈബർ പോലീസ് സ്റ്റേഷനുകളിൽ നിലവിലുള്ളത്. |

സെക്ഷൻ ഓഫീസർ